# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ :343

26.06.2012 - ൽ
മറുപടിയ്ക്ക്

## വ്യവസായ പാർക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.കെ.ദാസൻ<br>ഡോ.കെ.ടി.ജലീൽ | | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) മണ്ഡലംതോറും വ്യവസായ പാർക്ക് എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | : | (എ) സംസ്ഥാനത്ത് സമഗ്ര വ്യവസായവൽക്കരണം, ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ പുരോഗതി, വികസനം എന്ന ലക്ഷ്യത്തോടെ സാദ്ധ്യമായ മണ്ഡലങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് അതതു പ്രദേശത്ത് ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി തദ്ദേശവാസികൾക്ക് തൊഴിലവസരം ലഭ്യമാക്കുക എന്നിവയായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) പ്രസ്തുത പദ്ധതിയനുസരിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയെന്നു വിശദീകരിക്കുമോ; | : | (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി 8.285 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 194/- ലക്ഷം രൂപ തൃശ്ശൂർ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.<br>കെ.എസ്.ഐ.ഡി.സിയുടെ കീഴിൽ മെഡിസിനൽ & ഹെൽത്ത്കെയർ ഇൻഡസ്ട്രിയൽ പാർക്ക്, നാദാപുരം; ഓർഗാനിക് ഇൻഡസ്ട്രിയൽ പാർക്ക്, |

| | | |
|---|---|---|
| | | കൊടുങ്ങല്ലൂർ; കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക്, കുറ്റ്യാടി, കോഴിക്കോട് എന്നീ മൂന്ന് പദ്ധതികൾ ഉണ്ട്. കിൻഫ്രയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നല്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | : | (സി): ഉണ്ട്. |
| (ഡി) എങ്കിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | : | (ഡി): ഈ പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. |

സെക് ഷൻ ഓഫീസർ